**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1622** **11-09-2023 - ൽ മറുപടിയ്ക്ക്**

**തെന്നല വില്ലേജ് ഓഫീസിന് പുതിയ കെട്ടിടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | തിരൂരങ്ങാടി മണ്ഡലത്തിൽ തെന്നല വില്ലേജ് ഓഫീസിനായുള്ള പുതിയ കെട്ടിട നിർമ്മാണ നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | മലപ്പുറം ജില്ലയിൽ തിരൂരങ്ങാടി താലൂക്കിൽ തെന്നല വില്ലേജിൽ പൂക്കിപ്പറമ്പിനും കോഴിച്ചെനയ്ക്കും ഇടയിൽ റോഡിന് കിഴക്ക് വശത്ത് വാളക്കുളം അംശത്തിൽപെട്ടതും പൊതുമരാമത്ത് വകുപ്പിന്റെ കൈവശത്തിലുള്ളതും സർവേ നമ്പർ 246/2B ൽ പെട്ടതുമായ 0.1862 ഹെക്ടർ സ്ഥലത്തിന്റെ വടക്ക് കിഴക്ക് ഭാഗം വരുന്ന 20 സെന്റ് സ്ഥലം വില്ലേജ് ഓഫീസ് നിർമ്മിക്കുന്നതിനും അനുബന്ധ ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിനുമായി പൊതുമരാമത്ത് (എൻ.എച്ച്) വിഭാഗത്തിൽ നിന്നും നിരാക്ഷേപ പത്രം ലഭ്യമാക്കുന്നതിനുള്ള നടപടികൾ മലപ്പുറം ജില്ലാ കളക്ടർ DCMPM/1012/2021-B6 നമ്പർ ഫയലിൽ സ്വീകരിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിൽ നിന്നും എൻ.ഒ.സി ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ പ്രസ്തുത വില്ലേജിന് ഭൂമി ലഭ്യമാക്കുന്ന ജില്ലാ കളക്ടറുടെ നടപടിക്രമങ്ങൾ പൂർത്തീകരിക്കുവാൻ കഴിയുകയുള്ളൂ. |
| (ബി) | പ്രസ്തുത കെട്ടിട നിർമ്മാണത്തിന് കോഴിച്ചെന ഭാഗത്തായി നാഷണൽ ഹൈവേയുടെ കൈവശത്തിലുള്ള ഭൂമിയിൽ നിന്നും ആവശ്യമുള്ള സ്ഥലം അനുവദിക്കുന്നതിന്റെ നടപടികൾ എന്തെല്ലാമായെന്നും പ്രസ്തുത പ്രവൃത്തിയുടെ ഫയൽ ഇപ്പോൾ ഏത് ഓഫീസിലാണെന്നും വിശദമാക്കാമോ; | (ബി) | എ പിരിവിനുള്ള മറുപടി |
| (സി) | പ്രസ്തുത ഭൂമി തെന്നല വില്ലേജിന് ലഭ്യമാക്കുന്നതിന് ഇനി എന്തെല്ലാം നടപടികളാണ് പൂർത്തീകരിക്കാനുള്ളതെന്ന് വിശദമാക്കാമോ? | (സി) | എ പിരിവിനുള്ള മറുപടി |

സെക്ഷൻ ഓഫീസർ